ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 28-06.2024**

## പ്രധാനവാർത്തകൾ

1.) നീറ്റ് പരീക്ഷ ക്രമക്കേടിനെ ചൊല്ലി പാർലമെൻറിൽ പ്രതിപക്ഷ പ്രതിഷേധം. ഇരുസഭകളും തിങ്കളാഴ്ച വരെ പിരിഞ്ഞു; രാജ്യസഭയിൽ രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച നടന്നു.

2.) ഖാദി ബോർഡ് വൈസ് ചെയർമാനെതിരെയുള്ള ആരോപണങ്ങളിലെ അടിയന്തര പ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്ന് പ്രതിപക്ഷ വാക്ക് ഔട്ട്.

3.) കാൻസറിനുള്ള വില കൂടിയ മരുന്നുകൾ ലാഭമൊഴിവാക്കി രോഗികൾക്ക് ലഭ്യമാക്കുമെന്ന് മന്ത്രി വീണാ ജോർജ്.

4.) സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം; കേരളം- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണ്ണാടക തീരത്ത് ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

5.) ട്വൻറി -20 ലോകകപ്പ് കിരീടം ലക്ഷ്യമിട്ട് ഇന്ത്യ നാളെ ദക്ഷിണാഫ്രിക്കയുമായി ഏറ്റുമുട്ടും.

-----------------

RNU TVPM

## പാർലമെൻറ്

മെഡിക്കൽ പ്രവേശനത്തിനുള്ള നീറ്റ് പരീക്ഷയിലെ ക്രമക്കേടിനെ ചൊല്ലി പാർലമെൻറിൻറെ ഇരുസഭകളിലും പ്രതിപക്ഷ പ്രതിഷേധം. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി രാജിവെക്കണമെന്ന് പ്രതിപക്ഷം ആവശ്യപ്പെട്ടു. രാഷ്ട്രപതിയുടെ പ്രസംഗത്തിന് മേലുള്ള നന്ദി പ്രമേയ ചർച്ചയിൽ അംഗങ്ങൾക്ക് വിഷയം ഉന്നയിക്കാമെന്ന് ലോക്സഭാ സ്പീക്കർ പറഞ്ഞു. എന്നാൽ ബഹളം രൂക്ഷമായതോടെ ലോക്സഭ 12 മണി വരെ നിർത്തി വച്ചു. പിന്നീട് സഭ പുനരാരംഭിച്ചെങ്കിലും പ്രതിഷേധത്തെ തുടർന്ന് ലോക്സഭ തിങ്കളാഴ്ച വരെ പിരിയുന്നതായി സ്പീക്കർ അറിയിച്ചു. രാജ്യസഭയിലും സമാന അവസ്ഥയുണ്ടായി. പ്രതിപക്ഷ ബഹളത്തിനിടെ രാജ്യസഭയിൽ രാഷ്ട്രപതിയുടെ പ്രസംഗത്തിന്മേലുള്ള നന്ദിപ്രമേയ ചർച്ച നടന്നു. പിന്നീട് സഭാ നടപടികൾ പൂർത്തിയാക്കി രാജ്യസഭയും ഇന്നത്തേക്ക് പിരിഞ്ഞു. സമ്മേളനം തിങ്കളാഴ്ച തുടരും.

-----------------

RNI TVPM

## ധർമേന്ദ്ര പ്രധാൻ

നീറ്റ് പരീക്ഷാ ക്രമക്കേടിൽ കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ. പാർലമെൻറിന് പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിഷയം സർക്കാർ അതീവ പ്രാധാന്യത്തോടെയാണ് കാണുന്നതെന്നും ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്നും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും അദ്ദേഹം ഉറപ്പു നൽകി. വിഷയവുമായി ബന്ധപ്പെട്ട ഏത് പ്രശ്നവും സഭയിൽ ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

-----------------

## പരീക്ഷാ - നിർദ്ദേശം

ദേശീയ ടെസ്റ്റിംഗ് ഏജൻസി പരിഷ്കരണം ശിപാർശ ചെയ്യാൻ നിയോഗിച്ച വിദഗ്ധ സമിതി വിദ്യാർത്ഥികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും നിർദേശങ്ങൾ ക്ഷണിച്ചു. ISRO മുൻ ചെയർമാൻ ഡോ. കെ. രാധാകൃഷ്ണനാണ് സമിതിക്ക് നേതൃത്വം

നൽകുന്നത്. MY GOV വെബ്സൈറ്റ് വഴി ജൂലൈ ഏഴ് വരെ നിർദേശങ്ങൾ നൽകാം.

------------------

## ടെലി മനസ്

NEET, NET തുടങ്ങിയ മത്സര പരീക്ഷകളുമായി ബന്ധപ്പെട്ട് വിദ്യാർഥികൾക്ക് ഉണ്ടാകുന്ന മാനസിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി 'ടെലി മനസ്' സേവനങ്ങൾ സജ്ജമാക്കിയതായി മന്ത്രി വീണാ ജോർജ്. സേവനങ്ങൾക്കായി 144-16 എന്ന ടോൾ ഫ്രീ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. ടെലി മനസ് സേവനങ്ങൾ 24 മണിക്കൂറും ലഭ്യമാണ്.

------------------

## നിയമസഭ- വാക്ക് ഔട്ട്

RNU TVPM

ഖാദി ബോർഡ് വൈസ് ചെയർമാനെതിരെയുള്ള ആരോപണങ്ങൾ സംബന്ധിച്ച അടിയന്തര പ്രമേയ നോട്ടീസിന് സ്പീക്കർ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. പ്രതിപക്ഷത്ത് നിന്ന് സണ്ണി ജോസഫ് ആണ് അടിയന്തര പ്രമേയ അവതരണത്തിന് അനുമതി തേടിയത്. എന്നാൽ ചട്ട പ്രകാരമല്ലാത്തതിനാൽ നോട്ടീസ് നിരസിക്കണമെന്ന് മന്ത്രി എം ബി രാജേഷ് പറഞ്ഞു. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയ നോട്ടീസ് നിരസിക്കുകയായിരുന്നു.

------------------

## വീണാ ജോർജ് - നിയമസഭ

കർണാടകയിലെ മംഗലാപുരത്ത് എംപാനൽ ചെയ്ത ഏലപ്പയ്യ മെഡിക്കൽകോളേജിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി അംഗങ്ങൾക്ക് ആനുകല്യം ലഭിക്കുമെന്ന് മന്ത്രി വീണ ജോർജ്. കർണാടകയിൽ കാസ്പിൽ എംപാനൽ ചെയ്തിട്ടുള്ള ആശുപത്രികളിലെല്ലാം ആ സംസ്ഥാനത്തിന്റെ നയം അനുസരിച്ചുള്ള ചികിത്സാ ആനുകൂല്യം ലഭ്യമാകുമെന്നും മന്ത്രി

വ്യക്തമാക്കി. എ. കെ. എം. അഷ്റഫിന്റെ ശ്രദ്ധ ക്ഷണിക്കലിന് മറുപടി നൽകുകയായിരുന്നു മന്ത്രി.

------------------

## നിയമസഭയിൽ ഇന്ന്

കൂടുതൽ നിയമസഭാ വാർത്തകൾ പ്രാദേശിക വാർത്തകൾക്ക് ശേഷം കേൾക്കാം.

------------------

## മന്ത്രി പി. പ്രസാദ്

ആരോഗ്യ സംരക്ഷണത്തിൽ കൂണിന്റെ പ്രാധാന്യം മുൻനിർത്തി ഉൽപന്ന വൈവിധ്യവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണവും ഉറപ്പാക്കണമെന്ന് മന്ത്രി പി.പ്രസാദ്. കൂൺ ഗ്രാമം പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലം ഏരൂരിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. കേരള ഗ്രോ എന്ന ബ്രാൻഡ് കൊണ്ട് വന്നതിലൂടെ കാർഷിക ഉത്പന്നങ്ങളുടെ വിപണി മൂല്യം ഉയരുമെന്ന് മന്ത്രി പറഞ്ഞു.

സംസ്ഥാനത്ത് 14 ഇടങ്ങളിൽ കേരള ഗ്രോ സ്റ്റാളുകൾ തുറക്കുന്നത് പരിഗണനയിലാണെന്ന് മന്ത്രി അറിയിച്ചു.

------------------

## മൻ കീ ബാത് പ്രശ്നോത്തരി മത്സരം

പ്രധാനമന്ത്രിയുടെ മൻ കീ ബാത് പ്രക്ഷേപണ പരമ്പരയെ അടിസ്ഥാനമാക്കി ഹൈസ്കൂൾ, ഹയർ സെക്കൻററി, കോളേജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിക്കുന്ന പ്രശ്നോത്തരിയുടെ പ്രാഥമികതല മത്സരങ്ങൾ അടുത്ത മാസം 15 നുള്ളിൽ നടക്കും. നെഹ്റു യുവകേന്ദ്രയുടെയും, ഗ്ലോബൽ ഗിവേഴ്സ് ഫൗണ്ടേഷൻറെയും നേതൃത്വത്തിലാണ് മത്സരങ്ങൾ സംഘടിപ്പിക്കുക. താലൂക്ക് തലത്തിൽ തെരെഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് ഡൽഹിയിൽ നടക്കുന്ന സ്വാതന്ത്ര്യദിനാഘോഷത്തിൽ പങ്കെടുക്കുന്നതിന് അവസരമുണ്ടാകും.

------------------

PNU TVPM

## ആർ ബിന്ദു ഇൻട്രോ

സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പുതിയൊരു സമീപനത്തിന് തുടക്കം കുറിച്ച് തിങ്കളാഴ്ച നാല് വർഷ ബിരുദ കോഴ്സുകൾക്ക് തുടക്കമാകുന്നു. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഗവൺമെൻറ് വുമൺസ് കോളേജിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. നാല് വർഷ ബിരുദ പോഗ്രാമിൻറെ സവിശേഷതകളെക്കുറിച്ച് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു.

(ബൈറ്റ്)

-----------------

## കാൻസർ മരുന്ന് : മന്ത്രി വീണാ ജോർജ്

കാൻസർ ചികിത്സയ്ക്കുള്ളതും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾക്ക് ശേഷം ഉപയോഗിക്കേണ്ടതുമായ വില കൂടിയ മരുന്നുകൾ സംസ്ഥാനത്ത് ലാഭം ഒട്ടുമില്ലാതെ രോഗികൾക്ക് നൽകുമെന്ന് മന്ത്രി വീണാ ജോർജ്. 800 ഓളം മരുന്നുകൾ കമ്പനി വിലയ്ക്ക് തന്നെ ലഭ്യമാക്കും. ഇതിലൂടെ രോഗികളുടെ ചികിത്സാ ചെലവ് കുറയുമെന്നും മന്ത്രി പറഞ്ഞു. കാരുണ്യ ഫാർമസികൾ വഴിയായിരിക്കും കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുക. ഇതിനായി അടുത്ത മാസം മുതൽ കാരുണ്യ ഫാർമസികളിൽ '**ലാഭ രഹിത കൗണ്ടറുകൾ**' ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

RNU TVPM

-----------------

## മനുഷ്യാവകാശ കമ്മീഷൻ

എറണാകുളം അങ്കമാലി താലൂക്ക് ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ നടന്ന സിനിമാ ചിത്രീകരണത്തിനെതിരെ കേസെടുത്ത് മനുഷ്യാവകാശ കമ്മീഷൻ. ഇന്നലെ രാത്രിയാണ് ചിത്രീകരണം നടന്നത്. സംഭവവുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസർ, അങ്കമാലി താലൂക്ക് ആശുപത്രി സൂപ്രണ്ട് എന്നിവരോട് ഏഴു ദിവസത്തിനകം വിശദീകരണം

നല്കാൻ കമ്മീഷൻ നിർദ്ദേശിച്ചു. സംഭവത്തിൽ ആരോഗ്യ മന്ത്രി വീണാ ജോർജ് വകുപ്പ് ഡയറക്ടറോട് വിശദീകരണം തേടി.

-------------------

**മഴ-കേരളം**

സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം. ഇന്ന് തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കേരളം- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണ്ണാടക തീരത്ത് ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

-------------------

**ട്വൻറി -20**

ട്വൻറി -20 പുരുഷ ലോകകപ്പ് കിരീടം ലക്ഷ്യമിട്ട് ഇന്ത്യ നാളെയിറങ്ങും. നാളെ ബ്രിഡ്ജ്ടൗണിൽ നടക്കുന്ന ലോകകപ്പ് ഫൈനലിൽ ദക്ഷിണാഫ്രിക്കയാണ് ഇന്ത്യയുടെ എതിരാളി. രാത്രി എട്ടു മണിക്കാണ് മത്സരം.

RNU TVPM

-------------------

**ജി.ആർ. അനിൽ**

ഭാരത് പെട്രോളിയം കോർപ്പറേഷനുമായി ചേർന്ന് സപ്ലൈകോ ആരംഭിക്കുന്ന പെട്രോൾ ബങ്കിന്റെ ഉദ്ഘാടനം നാളെ മന്ത്രി ജി.ആർ. അനിൽ നിർവഹിക്കും. മന്ത്രി ഒ.ആർ. കേളു അധ്യക്ഷനാകും. വയനാട് മാനന്തവാടിയിൽ നടക്കുന്ന പരിപാടിയിൽ മാനന്തവാടി മുൻസിപ്പൽ ചെയർപേഴ്സൺ സി.കെ രത്നവല്ലി ആദ്യവിൽപ്പന നടത്തും.

-------------------

**വായ്പാ പദ്ധതി**

ചെറുകിട സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ വായ്പാ പദ്ധതികൾ അവതരിപ്പിച്ച് സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ. ആറു ശതമാനം നിരക്കിൽ 20 ലക്ഷം രൂപവരെയാണ് വായ്പ അനുവദിക്കുക. ഗ്രാമങ്ങളിൽ 98,000- രൂപയും നഗരങ്ങളിൽ 1,20,000- രൂപയുമാണ്

കുടുംബ വാർഷിക വരുമാന പരിധി. വായ്പ ലഭിച്ച് ആറുമാസത്തിനുശേഷം തിരിച്ചടവ് തുടങ്ങിയാൽ മതിയാകും. 60 മാസമാണ് കാലാവധി.

-----------------

## ഗവർണർ

കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയർ മുഹമ്മദ് സാജിദിനെ തരംതാഴ്ത്തിയ കാലിക്കറ്റ് സിൻഡിക്കേറ്റ് നടപടി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ റദ്ദാക്കി. മുൻകാല പ്രാബല്യത്തോടെ പൂർവ തസ്തികയിൽ നിയമിക്കാനും എല്ലാ സാമ്പത്തിക അനുകൂല്യങ്ങളും മൂന്നുമാസത്തിനുള്ളിൽ നൽകാനും ഗവർണർ ഉത്തരവിറക്കി. പരാതിക്കാരന്റെയും സർവ്വകലാശാല രജിസ്ട്രാറുടെയും വാദങ്ങൾ കേട്ടതിനു ശേഷമാണ് നടപടി.

-----------------

## പ്രതിപക്ഷ നേതാവ് - വാർത്താസമ്മേളനം

ഡി.വൈ.എഫ്.ഐ മുൻ നേതാവ് മനു തോമസ് സി പി എം ലെ ഉന്നത നേതാക്കൾക്കെതിരെ നടത്തിയ വെളിപ്പെടുത്തലുകൾ ഞെട്ടിക്കുന്നതെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ. നിരവധി തവണയായി കേരളത്തിലെ പ്രതിപക്ഷം, സർക്കാരിനും സി.പി.എമ്മിനും എതിരെ ഉന്നയിച്ച ആരോപണങ്ങൾ അടിവരയിടുന്നതാണ് വെളിപ്പെടുത്തലുകളെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. വെളിപ്പെടുത്തലിന്റെ പശ്ചാത്തലത്തിൽ സി പി എം നേതാവ് പി.ജയരാജനും അദ്ദേഹത്തിന്റെ മകനും മാഫിയ സംഘങ്ങളുമായുള്ള ബന്ധം അന്വേഷിക്കണമെന്നും പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു.

-----------------

----------

---

RNU TVPM